**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 353** | **18-03-2025 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ.കൾക്കായി സ്പെഷ്യൽ പാക്കേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | എം.എസ്.എം.ഇ.കൾക്ക് സംസ്ഥാന സർക്കാർ സ്പെഷ്യൽ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രഖ്യാപിച്ചിട്ടുണ്ട്. എം.എസ്.എം.ഇ-കൾക്കുള്ള സംസ്ഥാന സർക്കാർ സ്പെഷ്യൽ പാക്കേജുകൾ പ്രകാരം 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' 'നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി', 'മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി' എന്നീ പദ്ധതികൾ ആണ് വിഭാവനം ചെയ്തിരിക്കുന്നത്. Establishment of Local Market Infrastructure for MSMEs എന്ന പദ്ധതി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുന്ന പദ്ധതിയാണ്.<br><br>സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കശുവണ്ടി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് , വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന കശുവണ്ടി വ്യവസായ മേഖലക്കായുള്ള സഹായ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴു ന്നേല്പ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector) 2852-08-600-75 (P)** |

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മാനേജ് മെന്റ്/ അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി 13.10.2022 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.1111/2022/ ഐഡി പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയുടെ പദ്ധതി നിർവ്വഹണത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കായി 2024-25 വർഷത്തേക്ക് 2 കോടി രൂപ അനുവദിച്ചു. (19.08.2024 തീയതിയിലെ G.O. (Rt) No.749/2024/ID), ശീർഷകം 2852-08-600-75-(P).

**A) Continued Operation Linked Stimulus Programme - 20 കോടി രൂപ**

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 20 കോടി രൂപ നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉൽപ്പാദനക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുനസ്ഥാപിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

**B) Women Friendly Physical infra Creation/Upgradation - 5 കോടി രൂപ**

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു.

**C.) Modernization/Upgradation of Shelling Units - 5 കോടി രൂപ**

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിങ്ങ് വിഭാഗത്തിന്റെ നവീകരണത്തിനായി വിനിയോഗിക്കാനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ, പ്ലാന്റ് & മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50 ശതമാനം വരെ ക്യാപിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു.

2024-25 വർഷത്തേയ്ക്ക് 19.08.2024 തീയതിയിലെ G.O(Rt) No.749/2024/ID ഉത്തരവ് പ്രകാരം ശീർഷകം 2852-08-600-75-(P)-ൽ 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതു പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് 200 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

**2. Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.**

കേരളത്തിലെ ചെറുകിട (Investment less than 10 crore and turnover up to 50 crore) ഇടത്തരം (Investment between 10 and 20 crore and turn over 100 crore) കാഷ്യൂ ഫാക്ടറിയുടെ നവീനവത്കരണത്തിനു മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതിക്ക് രണ്ടു ഘടകങ്ങളാണുള്ളത്.

A) **Capital Grant** (മൂലധന ഗ്രാന്റ്) - ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് അവയുടെ സ്ഥിരാസ്തി മൂലധനത്തിന്മേലും, Technology upgradation-നും തുക അനുവദിക്കുന്നു. 2020 മാർച്ചിൽ പ്രവർത്തനമുള്ളതും തുടർന്ന് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതുമായ ഫാക്ടറികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. ആനുകൂല്യം ലഭിക്കുന്ന യൂണിറ്റുകൾ തുടർച്ചയായ 5 വർഷം പ്രവർത്തിക്കേണ്ടതാണ്.

മൂലധന ഗ്രാന്റായി പരമാവധി 40 ലക്ഷം രൂപ അനുവദിക്കുന്നു. ടി ആനുകൂല്യം ഒരു തവണ മാത്രമേ അനുവദിക്കുകയുള്ളൂ. ജനറൽ കാറ്റഗറിക്ക് investment-ന്റെ 40% SC/ST/Women/Youth/Differently abled എന്നിവർക്ക് 50% -വും ആനുകൂല്യമായി ലഭിക്കും.

B) **Interest Subvention** (പലിശ സബ്സിഡി) - പ്രവർത്തന മൂലധന ആവശ്യത്തിനായി എടുത്ത ലോണുകളിൽ അടച്ച പലിശയ്ക്ക് സബ്സിഡി അനുവദിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തന മൂലധന/ക്യാഷ് ക്രെഡിറ്റ് ലോൺ എടുത്തതും നിലവിൽ പ്രവർത്തിക്കുന്നതുമായ ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. അടച്ച പലിശയുടെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ പലിശ സബ്സിഡിയായി അനുവദിക്കുന്നു. നിയന്ത്രണങ്ങൾക്ക് വിധേയമായി പരമാവധി 3 തുടർച്ചയായ വർഷങ്ങളിൽ തുക അനുവദിക്കുന്ന/ ആനുകൂല്യം ലഭ്യമായ യൂണിറ്റുകൾ തുടർച്ചയായി 5 വർഷം പ്രവർത്തിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം "Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood" പദ്ധതിക്ക് 700 ലക്ഷം രൂപ 17.02.2023 തീയതിയിലെ G.O.(Rt) No.143/2023/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ 220 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസറഗോഡ് ജില്ലകളിലെ 26 കശുവണ്ടി യൂണിറ്റുകൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 100 ലക്ഷം രൂപയിൽ ആകെ 43.53 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിലെ 7 കശുവണ്ടി യൂണിറ്റുകൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിട്ടുണ്ട്.

2024-25 (നടപ്പ് സാമ്പത്തിക വർഷം) പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി 2852-08-600-79-(P) എന്ന ശീർഷകത്തിൽ 26.06.2024 തീയതിയിലെ G.O. (Rt) No.512/2024/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ചിരുന്നു. തുടർന്ന് 07.08.2024 തീയതിയിലെ G.O(Rt) No.707/2024/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 40 ലക്ഷം രൂപയുടെ വിതരണാനുമതി ലഭ്യമായി. ആയതിൽ തിരുവനന്തപുരം, കൊല്ലം ജില്ലകൾ ടി പദ്ധതിക്കായി തുക ആവശ്യപ്പെട്ടതിൻ പ്രകാരം 40 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായി ലഭിച്ച

40 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**<u>3.ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS )</u>**

1. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പദ്ധതി സംബന്ധിച്ച് ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 30.12.2021-ൽ നടന്ന യോഗതീരുമാനങ്ങൾക്ക് പ്രാബല്യം നൽകിക്കൊണ്ടും ഒറ്റത്തവണ തീർപ്പാക്കൽ (OTS) പദ്ധതി നടപ്പിലാക്കിക്കൊണ്ടും 14.03.2022 തീയതിയിൽ G.O.(Rt) No.224/2022/ID സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവ് പ്രകാരം അക്കൗണ്ട് ഹോൾഡർമാർ ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ട തീയതി 31.03.2022-ൽ നിന്നും 31.12.2022 വരെയാക്കി ദീർഘിപ്പിച്ച് 16.06.2022 തീയതിയിൽ G.O.(Rt).No.562/2022/ID നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

2. അതേ സമയം, പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം അർഹരായ നിരവധി വ്യവസായികൾക്ക് നേടാനായില്ലെന്നും, കൂടുതൽ വ്യവസായികൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം അഭ്യർത്ഥിച്ചും നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.എൽ.ബി.സി (SLBC) മെമ്പർ ബാങ്കുകളുമായി സർക്കാർ യോഗം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി വ്യവസായികൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31.12.2023 വരെയാക്കി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. എന്നാൽ, കോവിഡാനന്തരം സാമ്പത്തിക മേഖലയിൽ പൊതുവായി ഉണ്ടായിട്ടുള്ള തകർച്ചയും ദേശീയ- അന്തർദേശീയ മാർക്കറ്റിലെ അസ്ഥിരത നിമിത്തം വ്യവസായത്തിൽ സംഭവിച്ച പ്രതിസന്ധി കാരണം ഭൂരിഭാഗം വ്യവസായികൾക്കും സർക്കാർ പ്രഖ്യാപിച്ച 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ ആനുകൂല്യം മുതലാക്കാനായില്ലെന്നും ആയതിനാൽ ബാങ്കുകൾ OTS അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഒരിക്കൽ കൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും നിരവധി കശുവണ്ടി

വ്യവസായികളും സംഘടനകളും സർക്കാരിനോട് തുടർന്ന് അഭ്യർത്ഥിച്ചു.

4. മേൽ സാഹചര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.എൽ.ബി.സി (SLBC) കൺവീനറുമായും മെമ്പർ ബാങ്കുകളുമായും കാഷ്യൂ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 18.04.2024, 24.04.2024 എന്നീ തീയതികളിൽ യോഗങ്ങൾ നടത്തി. പ്രസ്തുത യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രഖ്യാപിച്ച 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി കശുവണ്ടി വ്യവസായികൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31.12.2024 വരെ ഒരിക്കൽക്കൂടി ദീർഘിപ്പിച്ച് 22.05.2024 തീയതിയിലെ സ.ഉ. (സാധാ) നം.355/2024/ഐഡി പ്രകാരം ഉത്തരവായിരുന്നു.

ii) സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' (OTS) പദ്ധതിയുടെ വ്യാപ്തി ഉയർത്തിയും വ്യവസ്ഥകൾ പുതുക്കിയും താഴെപറയുന്ന പ്രകാരം ഉത്തരവായിട്ടുണ്ട്.

a. സർക്കാർ പ്രഖ്യാപിച്ച 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ പരിധിയിൽ 31.03.2021 വരെ നിഷ്ക്രിയ ആസ്തി( NPA) ആയ കശുവണ്ടി വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ കൂടി ഉൾപ്പെടുന്നതാണ്.

b. 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി വ്യവസായികൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31.12.2024 വരെ ആയിരുന്നു.

c. 10 കോടി രൂപയ്ക്ക് മുകളിൽ മൂലധനമുള്ള നിഷ്ക്രിയ ലോണും 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി, പ്രിൻസിപ്പൽ തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്.

d. 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി സംബന്ധിച്ച് വ്യവസായികളും ബാങ്കുകളും തമ്മിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും തർക്കങ്ങളും പരിഹരിക്കുന്നതിനുള്ള നോഡൽ ഓഫീസർ ആയി കേരള കാഷ്യൂ ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പ്രവർത്തിക്കുന്നതാണ്.

| | | | |
|---|---|---|---|
| | | | e. 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ കീഴിൽ ലഭിക്കുന്ന അപേക്ഷകളുടെ വേഗത്തിലും സുഗമമായ നടത്തിപ്പിനുമായി ഒരു സീനിയർ ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി എല്ലാ ബാങ്കുകളും നിയമിക്കേണ്ടതാണ്.<br><br>വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന കുതിപ്പ് നൽകാൻ പാകത്തിനും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യവസായ മേഖലയിൽ കൂട്ടുന്നതിനും സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി. |
| (ബി) | പ്രസ്തുത പാക്കേജുകളുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം പതിനെട്ട് കോടിയോളം രൂപ വകയിരുത്തിയിരുന്നോ എന്ന് അറിയിക്കുമോ; | (ബി) | വകയിരുത്തിയിരുന്നു. 2024-25 വർഷത്തെ ബജറ്റിൽ 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി'- യ്ക്ക് 3 കോടി രൂപയും നിലവിലുള്ള എം എസ് എം ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി'യ്ക്ക് 5 കോടി രൂപയും മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ളസഹായ പദ്ധതി' യ്ക്ക് 1 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. എന്നാൽ 31/8/2024 തീയതിലെ ധനകാര്യ (പ്ലാനിംഗ് ബി) വകുപ്പിൽ നിന്നുമുള്ള G.O.(P)No.76/2024/Fin പദ്ധതി പുനക്രമീകരണ ഉത്തരവ് പ്രകാരം പ്രസ്തുത തുക 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' യ്ക്ക് 1.5 കോടി രൂപയും 'നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി'യ്ക്ക് 1 കോടി രൂപയും 'മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി'യ്ക്ക് 1 ലക്ഷം രൂപയും ആയി പുനക്രമീകരിച്ചു.<br><br>സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേല്പ് പദ്ധതി നടത്തിപ്പിനായി 2024-25 വർഷത്തേയ്ക്ക് (19.08.2024 തീയതിയിലെ G.O(Rt) No.749/2024/ID), ഉത്തരവ് പ്രകാരം ശീർഷകം 2852-08-600-75-(P)-ൽ 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. വിതരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് 200 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2024-25 (നടപ്പ് സാമ്പത്തിക വർഷം)കേരളത്തിലെ ചെറുകിട (Investment less than 10 crore and turnover up to 50 crore) ഇടത്തരം (Investment between 10 and 20 crore and turn over 100 crore) കാഷ്യൂ ഫാക്ടറിയുടെ നവീനവത്കരണത്തിനു മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതിക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി 2852-08-600-79-(P) എന്ന ശീർഷകത്തിൽ 26.06.2024 തീയതിയിലെ G.O.(Rt) No.512/2024/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ചിരുന്നു. തുടർന്ന് 07.08.2024 തീയതിയിലെ G.O(Rt) No.707/2024/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 40 ലക്ഷം രൂപയുടെ വിതരണാനുമതി ലഭ്യമായി. ആയതിൽ തിരുവനന്തപുരം, കൊല്ലം ജില്ലകൾ ടി പദ്ധതിക്കായി തുക ആവശ്യപ്പെട്ടതിൻ പ്രകാരം 40 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായി ലഭിച്ച 40 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ് . |
| (സി) | പ്രസ്തുത തുകയിൽ പത്തു ശതമാനംപോലും നാളിതുവരെ ചെലവഴിച്ചിട്ടില്ല എന്നത് വസ്തുതയാണോ; എങ്കിൽ കാരണം വിശദമാക്കുമോ? | (സി) | ബജറ്റിൽ അനുവദിച്ച Rs. 8,01,00,000/- രൂപയിൽ 1,45,53,404/- രൂപ സംരംഭകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 18.17 % തുക ആണ് ഇതുവരെ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളത്.<br><br>31/8/2024 തീയതിലെ ധനകാര്യ (പ്ലാനിംഗ് ബി) വകുപ്പിൽ നിന്നുമുള്ള G.O.(P) No. 76/2024/Fin പദ്ധതി പുനക്രമീകരണ ഉത്തരവ് പ്രകാരം പദ്ധതി വിഹിതം 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' -ക്ക് 1.5 കോടി രൂപയും 'നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി'യ്ക്ക് 1 കോടി രൂപയും 'മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി' യ്ക്ക് 1 ലക്ഷം രൂപയും ആയി പുനഃക്രമീകരിച്ചു. 2024-25 വർഷത്തെ ബജറ്റിൽ 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' യിൽ വകയിരുത്തിയ 3 കോടി രൂപ യിൽ 31/8/2024 തീയതിലെ ധനകാര്യ (പ്ലാനിംഗ് ബി) വകുപ്പിൽ നിന്നുമുള്ള G.O.(P) No. 76/2024/Fin പദ്ധതി പുനക്രമീകരണ ഉത്തരവ് പ്രകാരം അനുവദനീയമായ 1.5 കോടി രൂപ പൂർണമായും ജില്ലകൾക്ക് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. ആയതിൽ 1,45,53,404/- രൂപ സംരംഭകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പുന:ക്രമീകരിച്ച തുകയിൽ 57.98% തുക വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബജറ്റിൽ 'നിലവിലുള്ള എം എസ് എം. ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി'യ്ക്ക് വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ള സംരംഭകരെ കണ്ടെത്തുകയാണ് ആദ്യ ഘട്ടം ആയി പൂർത്തീകരിക്കേണ്ടത്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന സംരംഭകർക്കാണ് പദ്ധതിപ്രകാരം വിഭാവനം ചെയ്തിരിക്കുന്ന പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നൽകുന്ന ആനുകൂല്യം, സ്ഥിര മൂലധന നിക്ഷേപത്തിനുള്ള സഹായം, പ്രവർത്തന മൂലധനത്തിനുള്ള സഹായം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയുക. നിലവിൽ സംസ്ഥാന തല കമ്മിറ്റി കൂടി 292 സംരംഭകരെ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ചു വരുന്നു. 25 സംരംഭകർ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നൽകുന്ന ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>'മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി' യ്ക്ക് മതിയായ ബഡ്ജറ്റ് വിഹിതം ലഭ്യമാക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ